# ജനമൈത്രി സുരക്ഷാ പദ്ധതി

ഏതു ജനാധിപത്യത്തിലായാലും ജനങ്ങളാണ് പരമാധികാരികൾ . അതുകൊണ്ടുതന്നെ, തങ്ങളുടെ പരിവേദനങ്ങൾക്ക് യാതൊരു വിലയുമില്ലാത്ത നിശബ്ദരായ പ്രജകളായി ജനങ്ങളെ കണക്കാക്കാൻ പോലീസിന് കഴിയുകയുമില്ല . മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജീവിത സുരക്ഷിതത്വം, സ്വത്തവകാശം, അന്തസ്സ് എന്നീ മൗലികാവകാശങ്ങൾ സ്റ്റേറ്റിൽ നിന്നും പോലീസ്സിൽ നിന്നും ലഭിക്കുന്നതിനുള്ള അവകാശം ജനങ്ങൾക്ക് ഉണ്ടെങ്കിലും , പൗരന് ശരിയായ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ജനങ്ങൾക്ക് പൂർണ്ണമായി ഒഴിഞ്ഞ് മാറാനാവില്ല. കാരണം പൗരന്മാർക്കും ജനാധിപത്യ പ്രക്രിയയിൽ അവരുടേതായ പങ്ക് വഹിക്കാനുണ്ട് എന്നത് തന്നെ. ജനങ്ങൾ തങ്ങളാൽ ഉണ്ടാക്കപ്പെടുന്ന നിയമങ്ങൾക്ക് വിധേയരാണ് . അതുകൊണ്ടുതന്നെ അവരും തങ്ങളാലുണ്ടാക്കപ്പെടുന്ന നിയമങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തനത്തിൽ കൂടുതൽ ശുഷ്കാന്തിയോട് കൂടി പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. ജനാധിപത്യത്തിൽ നിയമപരിപാലനം ജനങ്ങളുടെ സഹായ സഹകരണങ്ങളോടെ പൊതുസുരക്ഷ ഉറപ്പാക്കുന്ന പ്രക്രിയയാണ്. ഈ പ്രക്രിയയുടെ യഥാർത്ഥ ഗുണഭോക്താക്കളും ജനങ്ങൾ തന്നെയാണ്.

## ജനമൈത്രി പോലീസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

1. കുറ്റകൃത്യങ്ങൾ തടയുക.
2. മെച്ചപ്പെട്ട പോലീസ് പൊതുജനസഹകരണം.
3. സുരക്ഷാ മേഖലയിൽ ജനങ്ങളുടെ പരസ്പര സഹകരണം.

## ജനമൈത്രി യുവകേന്ദ്രം ആർക്കുവേണ്ടി , എന്തിനുവേണ്ടി. ?

1.നമ്മുടെ നാട്ടിലെ യുവജനങ്ങൾക്കിടയിലും, കൗമാര പ്രായക്കാർക്കിടയിലും വളർന്ന് വരുന്ന കുറ്റവാസനകൾക്ക് തടയിട്ട്കൊണ്ട് ക്രിയാത്മകമായി അവരെ മുന്നോട്ട് നയിക്കുക എന്ന ലക്ഷ്യത്തോടുകൂടി പോലീസ്സും ജനങ്ങളും ഒത്തൊരുമിച്ച് ഒരു കൂട്ടായ്മ ഉണ്ടാക്കുകയാണ് ഇവിടെ . കേരള സർക്കാറിന്റെ ജനമൈത്രി പദ്ധതിയിൽ യുവാക്കൾക്കും, യുവതികൾക്കും , കൗമാരപ്രായക്കാർക്കും മതിയായ പങ്കാളിത്തം ഉറപ്പുവരുത്തി ഒരു യുവകേന്ദ്രം ആരംഭിക്കുക എന്ന സദുദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. യുവജനങ്ങളെ താഴെ പറയുന്ന പദ്ധതിയിൽ കൂടി പരിരക്ഷിച്ച് ഉത്തമ പൗരന്മാരാക്കി മാറ്റുന്നതിന് വേണ്ടി യുവജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയാണ് ഈ യുവകേന്ദ്രം ആരംഭിക്കുന്നത്.

## മെച്ചപ്പെട്ട പോലീസ്സ് പൊതുജനസഹകരണം

യുവജനങ്ങൾക്ക് ഭാവി രൂപപ്പെടുത്തി എടുക്കുന്നതിന് വേണ്ടി കരിയർ അ വയർനസ്സ് ഉണ്ടാക്കിതീർക്കുക എന്ന ലക്ഷ്യത്തോടുകൂടി പരിശീലന പദ്ധതികളും , സെമിനാറുകളും, ക്ലാസ്സുകളും നടത്താൻ ഉദ്ദേശിക്കുന്നു. യുവജനങ്ങളെ തെറ്റായ വഴികളിൽ നിന്നും പിൻതിരിപ്പിക്കാനും ലഹരിയുടേയും മറ്റും ചങ്ങലകൾക്കുള്ളിൽ നിന്ന് മോചിപ്പിക്കാനും ഞങ്ങൾ ഉദ്ദേശിക്കുന്നു . കൗൺസിലിങ് വിദഗ് ദരുടെ സഹായത്തോടുകൂടി യുവജനങ്ങളുടെ പ്രശ് ന പരിഹാരത്തിനും അ വരെ ഉത്തമ പൗരന്മാരാക്കുവാനും യുവകേന്ദ്രം ലക്ഷ്യമിടുന്നു.

## സുരക്ഷാമേഖലയിൽ ജനങ്ങളുടെ പരസ് പര സഹകരണം

നമ്മുടെ നാട്ടിൽ നിലവിലുള്ള നിയമങ്ങളെ അ നുസരിച്ച് ഉത്തമ പൗരന്മാരെ വാർത്തെടുക്കുന്നതിനായി നിയമങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും യുവകേന്ദ്രം ലക്ഷ്യമിടുന്നുണ്ട്.

നമ്മുടെ സമൂഹത്തിൽ വളർന്നുവരുന്ന യുവതലമുറയുടെ നേർവഴിയിലൂടെയുള്ള സഞ്ചാരത്തിന് ഉപോത് ബലകമായി പോലീസ്സിന്റെ അ ർപ്പണ മനോഭാവത്തോടുകൂടിയുള്ള ഇടപെടലുകൾ സഹായകമാകും എന്ന് വിശ്വസിക്കുന്നു . യുവാക്കളുടേയും, യുവതികളുടെയും, കൗമാരപ്രായക്കാരുടേയും മനസ്സുകളിൽ നേർവഴിയുടെ ദീപനാളങ്ങൾ തെളിയിക്കുന്നതിന് എല്ലാവരുടേയും സഹായഹസ് തം യുവകേന്ദ്രയിലൂടെ കേരളാപോലീസ്സ് പ്രതീക്ഷിക്കുന്നു.

ജനമൈത്രി യുവകേന്ദ്രം
കോഴിക്കോട് സിറ്റി
2009

ജനമൈത്രി സുരക്ഷാപദ്ധതി
കോഴിക്കോട് സിറ്റി